# Gvhss thiruvilwamala
# little kites
# digital magazine




ലിറ്റിൽകൈറ്റ്സ്

ജി വി എ ച്ച് എസ് എസ് തിരുവില്വാമല,തൃശ്ശൂർ

മുഖ്യ പത്രാധിപർ : **ശ്രീജിത്ത് .സി**

ലിറ്റിൽകൈറ്റ്സ്,ജിവിഎച്ച്എസ്എസ് തിരുവില്വാമല

## പത്രാധിപസമിതി

**അനുശ്രീ . ജി**

ലിറ്റിൽകൈറ്റ്സ്,ജിവിഎച്ച്എസ്എസ് തിരുവില്വാമല

**അഭിരാമി . എം**

ലിറ്റിൽകൈറ്റ്സ്,ജിവിഎച്ച്എസ്എസ് തിരുവില്വാമല

**ആര്യ നായർ . എം**

ലിറ്റിൽകൈറ്റ്സ്,ജിവിഎച്ച്എസ്എസ് തിരുവില്വാമല

**അഭിനയ . വി**

ലിറ്റിൽകൈറ്റ്സ്,ജിവിഎച്ച്എസ്എസ് തിരുവില്വാമല

**സുലഭ സുനിൽ . കെ എസ്**

ലിറ്റിൽകൈറ്റ്സ്,ജിവിഎച്ച്എസ്എസ് തിരുവില്വാമല

**അഭിലാഷ് . വി**

ലിറ്റിൽകൈറ്റ്സ്,ജിവിഎച്ച്എസ്എസ് തിരുവില്വാമല




**കവർ ചിത്രം**

**യദുകൃഷ്ണൻ** , ജിവിഎച്ച്എസ്എസ് തിരുവില്വാമല

## വെളിച്ചം പടരുമ്പോൾ

ആഗ്രഹമില്ലെനിക്ക്.......7
ആലോചിക്കുന്നതെന്തിനിനിത്ര ?.......8
ELECTRONIC NUMERICAL INTEGRATOR AND COMPUTER.......9
ഫലിതൻ രാമു.......10
സൗരയൂഥം.......11
ശ്രീനിവാസരാമാനുജൻ.......12
ചങ്ങാതിയുടെ മരണവാക്ക്.......13
എന്റെ നാട്.......14
Google Glass Designed in 2011.......15
ചോദിക്കു പറയാം ?.......17
നമ്മുടെ നാട്.......18
എൻമനം.......19
SAVE THE GREEN EARTH.......20
വാൽ പഠിപ്പിച്ച പാഠം.......21
വിദ്യ.......22
വിട.......24
കൂട്ട്.......25
പ്രണയവും പ്രളയവും.......26
ശതാബ്ദി ആഘോഷങ്ങൾ.......28
ശതാബ്ദി ആഘോഷങ്ങൾ.......29
ശതാബ്ദി ആഘോഷങ്ങൾ.......30
മായും നേരം.......31
കൂട്ടുകാർ വരച്ച ചിത്രങ്ങൾ.......32
ശാസ്ത്രപ്രദർശനവും, കലോൽസവും.......33
കൂട്ടുകാർ വരച്ച ചിത്രങ്ങൾ.......34
സ്വാർത്ഥൻ പഠിച്ച പാഠം.......35

## പ്രിയ സുഹൃത്തെ,

വിദ്യാഭ്യാസ വകുപ്പിന്റെയും,കൈറ്റ് കേരളയുടെയും സംയുക്താഭിമുഖ്യത്തിൽ 2018-19 അധ്യയനവർഷംകേരളത്തിലെ സർക്കാർ എയിഡഡ് വിദ്യാലയങ്ങളിൽ ലിറ്റിൽ കൈറ്റ്സ് ആരംഭിച്ചു. നമ്മുടെ വിദ്യാലത്തിൽ ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനം 2018 ജൂലൈ മാസം ആരംഭിച്ചു. വിവരസാങ്കേതിക വിദ്യയിൽ കൂടുതൽ പ്രാവീണ്യം നേടുക, ഈ സാങ്കേതികവിദ്യ സമൂഹനന്മക്കായി ശരിയായരീതിയിൽ ഉപയോ ഗിക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ്  ഇതിനുപിന്നിലുള്ളത്. കമ്പ്യൂട്ടർ ടൈപ്പിങ്ങ്, പൈത്തൺ പ്രോഗ്രാം, ഇലക്ട്രോണിക്സ്, റോബോട്ടിക്സ്, അനിമേഷൻ തുടങ്ങിയ പല സാങ്കേതികവിദ്യകളും ഈ അവസരത്തിൽ പരിചയപ്പെടുന്നുണ്ട്. ഇതിന്റെ ഭാഗമായാണ് ഡിജിറ്റൽ മാഗസിൻ നിർമ്മിക്കുന്നത് . ഞങ്ങൾ സ്വായത്തമാക്കിയ സാങ്കേതികവിദ്യ പരമാവധി പ്രയോജനപ്പെടുത്താൻ ഇവിടെ ശ്രമിച്ചിട്ടുണ്ട്. ഞങ്ങളുടെ കൂട്ടുകാരുടെ സർഗ്ഗവാസനയെ പരിപോഷിപ്പിക്കുവാൻ ഒരു പരിധിവരെ  മാഗസിനു കഴിഞ്ഞിട്ടുണ്ട് . തുടക്കക്കാരുടെ ആശങ്കയും, സമയക്കുറവും ഇതിന്റെ നിർമ്മാണത്തിൽ പ്രതി ഫലിച്ചിട്ടുണ്ട്. വായനയിൽ ഇത് അനുഭവപ്പെട്ടാൽ ക്ഷമിക്കണമെന്ന് അഭ്യർത്ഥിക്കുന്നതിനോടൊപ്പം എവർക്കും പുതുവൽസരാശംസകൾ നേരുന്നു .

പത്രാധിപർ

## ആശംസ

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഒട്ടനവധി പ്രവർത്തനങ്ങളാണ് സർക്കാറിന്റെയും, വിദ്യാഭ്യാസവകുപ്പിന്റെയും, കൈറ്റ് കേരളയുടെയും നേതൃത്വത്തിൽ നമ്മുടെ വിദ്യാലയത്തിൽ നടക്കുന്നത്. ക്ലാസ്സ് മുറിയിലെ ജ്ഞാനനിർമ്മിതി പോലെ തന്നെ പ്രധാനമാണ്  പാഠ്യേതരപ്രവർത്തനങ്ങൾക്കുവേണ്ടി നടക്കുന്ന ക്ലബ് പ്രവർത്തനങ്ങൾ.കൂട്ടായപ്രവർത്തനം കുട്ടികൾക്ക് അറിവ്സമ്പാദനത്തിനും,അനുഭവജ്ഞാനത്തിനും വഴി തെളിക്കുന്നു. ഐ സി ടി പഠനം ലളിതമാക്കുവാനും, നൂതന സാങ്കേതികവിദ്യ ഭാവി തലമുറയ്ക്ക് പരിചയപ്പെടുത്തുവാനും , അവയുടെ ശരിയായ ഉപയോഗത്തിന്റെ ആവശ്യകതയും ലക്ഷ്യമിട്ട് രൂപികൃതമായതാണ് ലിറ്റിൽകൈറ്റ്സ്. ലിറ്റിൽ കൈറ്റ്സിന്റെ സ്ക്കൂൾതല പ്രവർത്തനത്തിന്റെ ഭാഗമായി വെളിച്ചം എന്നപേരിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു. കുട്ടികളുടെ കൂട്ടായ പ്രവർത്തനത്തിലൂടെ തയ്യാറാക്കിയ ഈ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

അനിത പി എ
ഹെഡ്മിസ്ട്രസ്
ജിവിഎച്ച്എസ്എസ് തിരുവില്വാമല

# ആഗ്രഹമില്ലെനിക്ക്

ആഗ്രഹമില്ലെനിക്ക് .....
നിങ്ങളെ പിരിയാൻ
പക്ഷെ വിധി നമ്മളെ
പിരിക്കും എന്നതു സത്യം
നിങ്ങളില്ലാത്ത നിമിഷം
എൻ ജീവിതം അർത്ഥശൂന്യം
നിങ്ങളെൻ ജീവിതത്തെ
സഫലപൂരിതമാക്കുന്നു.

അഭിരാമി.എം
9:D

# ആലോചിക്കുന്നതെന്തിനിത്ര ?

ആലോചിക്കുന്നതെന്തിനിത്ര ?
അവരിൽ ഒരാളായ് കാണാൻ
ആഗ്രഹമാണെനിക്ക്
അവരോടൊപ്പം ഉരയാടാൻ
ആകുലപ്പെടാനെന്തേയിത്ര,
അവരിൽ അംഗമായാൽ
ആവശ്യമാണെനിക്കവരിൽ
അമൂല്യം സ്നേഹോപഹാരം
ആലോചിച്ചുപോയോ അവർ,
അത്രക്കും ഇരുട്ടാണെൻ മനമെന്ന് ?
അടുക്കാൻ ചെന്നാൽ, വീണ്ടും
അകലുകമാത്രമാണെൻ ജീവിതം ! !

അനശ്രീ.ജി

9D

# ELECTRONIC NUMERICAL INTEGRATOR AND COMPUTER

Electronic numerical integrator and computer[E N I A C]was world first general purpose electronic computer. Although it took days to program. E N I A C could perform thousands of calculation in a second. That power required some serious hardware E N I A C was large enough to live in weighed more then 30 tons [20ft] and took up the space of typical single -family house . Built before smaller and more efficient transistors . E NI AC relied on more than 17,00 soda-can-size that often functioned when the massive machine was powered up. E N I A C' operators came up witch a simple solution for that problem . They never turned it off. The computer run continuously for more then seven years . It was even run falsely that E N I AC massive power needs responsible for power outages in the nearby city.

**Sreejith C 9A**

## ഫലിതൻ രാമു

വെള്ളിയാട് എന്ന ഗ്രാമത്തിലെ കൂലിപണിക്കാരനായിരുന്നു രാമു. ഫലിതപ്രിയനായ രാമു ഒരു ദിവസം അടുത്തവീട്ടിലെ കുട്ടിയേയും കൊണ്ട് ആശുപത്രിയിലെത്തി ഡോക്ടറോട് ഇങ്ങനെ പറഞ്ഞു. "ഡോക്ടർ സാർ.....ഇവൻ എന്റെ അടുത്തവീട്ടിലെ കുട്ടിയാണ്. ഇവൻ അറിയാതെ ഒരു സ്വർണ്ണനാണയം വിഴുങ്ങി.എത്രയും പെട്ടെന്ന് അത് പുറത്തെടുക്കണം......" ഇതു കേട്ട ഡോക്ടർ ഇങ്ങനെ മറുപടി പറഞ്ഞു." ഈ ചികിൽസക്ക് ചിലവ് കൂടുതലാണ്." കുട്ടിയുടെ വയറിൽ നിന്നെടുക്കുന്ന സ്വർണ്ണനാണയത്തിൽ നിന്ന് ചിലവായതുക എടുത്ത് ബാക്കി തിരിച്ചു നല്കിയാൽ മതിയെന്ന് രാമു മറുപടി പറഞ്ഞു.

സുധീഷ് വി 9B

## സൗരയൂഥം


സൂര്യനും അതിനെ ഭ്രമണം ചെയ്യുന്ന മറ്റു വസ്തുക്കളും ചേർന്നതാണ് സൗരയൂഥം. ഗ്രഹങ്ങൾ, ഉപഗ്രഹങ്ങൾ, വാൽനക്ഷത്രങ്ങൾ, ക്ഷുദ്രഗ്രഹങ്ങൾ, ഉൽക്കകൾ എന്നിവ അവയിലുൾപ്പെടുന്നു. എട്ടു ഗ്രഹങ്ങളുണ്ട്. അവയെ രണ്ടായി തരംതിരിക്കാം- സൂര്യനോടടുത്തുള്ള നാല് ശിലാഗ്രഹങ്ങൾ,സൂര്യനിൽ നിന്നും അകലെയുള്ള നാലു വാതക ഭീമന്മാർ.ബുധൻ,ശുക്രൻ,ഭൂമി,ചൊവ്വഎന്നിവയാണ്ശിലാഗ്രഹങ്ങൾ. വ്യാഴം, ശനി, യുറാനസ്,നെപ്ട്യൂൺ എന്നിവയാണ് വാതകഭീമന്മാർ. 1930 മുതൽ പ്ലൂട്ടോയെ ഒമ്പതാമത്തെ ഗ്രഹമായി ഉൾപ്പെടുത്തിയിരുന്നു. പക്ഷേ, 2005 ആഗസ്റ്റ് 24 ന് ഇന്റർനാഷണൽ ആസ്ട്രോണമിക്കൽ യൂണിയൻ പ്ലൂട്ടോയെ കുള്ളൻഗ്രഹം എന്ന് വിശേഷിപ്പിച്ചു കൊണ്ട് ഗ്രഹങ്ങളുടെ പട്ടികയിൽ നിന്ന് നീക്കം ചെയ്തു.




**എല്ലാ ഗ്രഹങ്ങളും അവയുടെ ഉപഗ്രഹങ്ങളും ദീർഘവൃത്താകാരമായ ഭ്രമണപഥത്തിലൂടെ സൂര്യനെ വലംവെക്കുന്നു. സൂര്യന്റെ ആകർഷണം ഗ്രഹങ്ങളെ ഉള്ളിലേയ്ക്കു വലിക്കുമ്പോൾ ഉള്ളിലെ ഊർജം ഗ്രഹങ്ങളെ പുറത്തേക്കു തള്ളുന്നു. ഈ രണ്ടു ശക്തികളുടെ തുലനത ഗ്രഹങ്ങളെ ഒരു കൃത്യമായ പാതയിലൂടെ സൂര്യനു ചുറ്റും പരിക്രമണം ചെയ്യാൻ സഹായിക്കുന്നു.**

# ശ്രീനിവാസരാമാനുജൻ

കുംഭകോണത്തിനടുത്തുള്ള ഈറോഡിൽ1887 ഡിസംബർ 22-ാം തിയ്യതി രാമാനുജൻ ജനിച്ചു. കുംഭകോണത്തെ ഒരു തുണി വ്യാപാരിയുടെ കണക്കെഴുത്തുകാരനായ ശ്രീനിവാസയ്യങ്കാരായിരുന്നു പിതാവ്. തികഞ്ഞ ഈശ്വരഭക്തയായ കോമളാമ്മളായിരുന്നു അമ്മ. കുംഭകോണത്തുള്ള വിദ്യാലയത്തിലാണ് ബാല്യകാലത്ത് പഠിച്ചത്.




ഗണിതത്തോടായിരുന്നഅന്നു താല്പര്യം. ഹൈസ്കൂളിൽ പഠിക്കുമ്പോൾ തന്നെ ലോണിയുടെ ത്രികോണമിതി ഒന്നും രണ്ടും ഭാഗങ്ങൾ സ്വയം പഠിച്ചു. കണക്ക്പുസ്തകങ്ങൾ തേടിപ്പിടിച്ച് വായിക്കുക, നോട്ടു കുറിക്കുക, ആ വിഷയത്തിൽ താല്പര്യമുള്ളവരുമായി ചർച്ചകൾ നടത്തുക ഇതെല്ലാമായിരുന്നു രാമാനുജന്റെ വിനോദങ്ങൾ. ഇടക്കിടെ ചിലത് കണ്ടുപിടിച്ച് നോട്ട്ബുക്കിൽ എഴുതിയിടുകയും ചെയ്യാറുണ്ടായിരുന്നു . ശാന്തനും,അസാധാരണമായ ഓർമ്മശക്തിയുള്ളവനുമായ ഒരു യുവാവായിരുന്നു രാമാനുജൻ. സംഖ്യകളെ അദേദേഹം സ്നേഹിച്ചു. അവയുടെ പ്രത്യേകതകൾ അദ്ദേഹത്തെ ആവേശം കൊള്ളിച്ചു. ഏതു സംഖ്യയിലും അൽഭുതകരമായ പ്രത്യേകതകൾ അദ്ദേഹം കണ്ടു. അസുഖം പിടിപെട്ട് അദ്ദേഹം 1920 ഏപ്രിൽ 20 ന് അന്തരിച്ചു.

## ചങ്ങാതിയുടെ മരണവാക്ക്

ഒരിക്കൽ ഒരു നാട്ടിൽ ധനികനായ ഒരു മനുഷ്യൻ ജീവിച്ചിരുന്നു. അദ്ദേഹം വളരെ നല്ല മനുഷ്യനായിരുന്നു.അദ്ദേഹത്തിനു മൂന്നു പുത്രന്മാരായിരുന്നു. ആയാളുടെ ഭാര്യ മറിയാമ്മ അസുഖം ബാധിച്ച് മരിച്ചുപോയി.കാലങ്ങൾ കടന്നുപോയി ഭാര്യയുടെ ഓർമ്മകൾ മാഞ്ഞുപോയി.അയാളുടെ മൂന്നുപുത്രന്മാരുമം വളർന്നു വലുതായി.മൂവരും വളരെ ഐക്യവും സാഹോദര്യവും ഉള്ളവരായിരുന്നു.ജോണി എന്നാ യിരുന്നു മൂത്തപുത്രന്റെ പേര്.അവന് ഒരു കൂട്ടുകാരനുണ്ടായി രുന്നു.അവൻ വളരെ കുബുദ്ധികാരനായിരുന്നു.ഒരു ദിവസം അവൻ ജോണിയോട് ഇങ്ങനെ പറഞ്ഞു "നിന്റെ അപ്പച്ചൻ സ്വത്തെല്ലാം നിന്റെ സഹോദരങ്ങൾ ക്ക് വീതിച്ചു കൊടുക്കുകയാണ്". ഇത് കേട്ടപ്പാടെ ജോണി വീട്ടിൽ ചെന്ന് അപ്പച്ചനോട് വീതം ചോദിച്ചു.ഇത് കേട്ടപാടെ അപ്പച്ചൻ കോപിതനായി വീതം നൽകുകയും അവനെ വീട്ടിൽ നിന്നു പുറത്താക്കുകയും ചെയ്തു.കുറച്ചുകാലം അവൻ സ്വത്ത് വിറ്റ് ധൂർത്തടിച്ച് കഴിഞ്ഞു.പിന്നീട് സ്വത്തെല്ലാം തീരുകയും അവൻ പൂർണ്ണമായും ദരിദ്രനായി തീരുകയും ചെയ്തു.ഈ സങ്കടം സഹിക്കാനാവാതെ അവൻ ആത്മഹത്യ ചെയ്തു.

*അംബിലാൽ. G 9 C*

## എന്റെ നാട്

എന്റെ നാടെന്റെനാടെന്റെ നാട്
കേരളമെന്നെന്റെ കൊച്ചുനാട്
നിറയും പുഴകളും കാട്ടരുവികളും
എത്ര സുന്തരമാണെന്റെ നാട്
എന്റെ നാട്ടിലുണ്ടെന്റ കൊച്ചു ഗ്രാമം
തിരുവില്വാമലയെന്ന എന്റെ ഗ്രാമം
എത്ര സുന്ദരമാണിന്നും ഗ്രാമവീഥി
എന്നും എന്റെ ഗ്രാമം എന്തുഭംഗി

നിള തന്റെ തീരത്തെ തണുത്തകാറ്റും
മലതാഴ്വരയിലെ ഗായത്രിയും
നീർതുള്ളിക്കുള്ളിലെ ജീവനാം തുടിപ്പുകൾ
ഇന്നുമെൻ നാട്ടിലുണ്ട്.
എന്റെ നാടെന്റെനാടെന്റെ നാട്
കേരളമെന്നെന്റെ കൊച്ചുനാട്

നിളതന്റെ തീരത്ത് പോയിരുന്നാലോ
നിളപോലൊഴുകുമെൻ സങ്കടവും
നിളയിലെ നീർത്തുള്ളിക്കുള്ളിലെ
ജീവൻ ഇപ്പോഴും എങ്ങും തുടിക്കുന്നുണ്ട്

എന്റെ നാടെന്റെനാട്
കേരളമെന്നെന്റെ കൊച്ചു നാട്
നിറയും പുഴകളും കാട്ടരുവികളും
എത്ര സുന്ദരമാണെൻ ഗ്രാമവീഥി................

*രാഗിമോൾ വി കെ, 9A*

# Google Glass Designed in 2011

INPUT METHOD: Voice commands and eye moment
SIZE : Fits on a pair of eyeglasses

The first in a new wave of “wearable computers,” Google Glass combines a tiny computer with a pair of glasses and works like a smart phone for your eye balls. The eye piece displays all sorts of handy data-from test messages to directions(although Google Glass users run the risk of stumbling into traffic as they browse their email). Critics complain that the device's built-in camera represents an invasion of privacy.

Nithya sree
5E



യദുകൃഷ്ണൻ

# ചോദിക്കു പറയാം ?

റേഡിയോ കണ്ടുപിടിച്ചത് ആര്?
ഇന്ത്യയിലെ വെനീസ്?
ഇന്ത്യയെന്ന പേരിന് നിദാനമായ നദി ?
കണ്ണിന്റെ ശരിയപ്രവർത്തനത്തിന് ആവശ്യമായ വിറ്റാമിൻ?
സന്തോഷ് ട്രോഫി ഏതുമായിബന്ധപ്പെട്ടിരിക്കുന്നു?
ഇന്ത്യയ്ൽ ധീരതക്കുള്ള പരമോന്നത സൈനിക ബഹുമതി?

ഉത്തരം
മാർക്കോണി
ആലപ്പുഴ
സിന്ധു
വിറ്റാമിൻ എ
ഫുട്ബോൾ
പരമവീരചക്രം

# നമ്മുടെ നാട്

പച്ച വിരിച്ചോരു നാടാണ്
നമ്മുടെ സ്വന്തം നാടാണ്
കാടും മേടും തിങ്ങിയ നാടാണ്
കലകൾ തിങ്ങിയ നാടാണ്
അഭിമാനത്തിൻ കിളിവീട്
ഓണോം വിഷുവും വന്നാല്
ഓണക്കളികൾ ഉയരുന്നു
ഓണാഘോഷം ഉണരും നാട്
നമ്മുടെ സുന്ദര നാട്
ഇതാണ് നമ്മുടെ നാട്
നമ്മുടെ സ്വന്തം നാട്

പ്രബിത

## എൻമനം

ചിരിക്കുന്ന പൂക്കൾ
കരയുന്ന മേഘം
വിതറിയ വാനിൽ
പ്രഭതൂകി സൂര്യൻ
എന്തിനോ വേണ്ടി
അലയുന്ന കാററിൽ
അറിയാതെ എന്റെ
സ്വപ്നങ്ങളെന്നും.
കണ്ടിട്ടും കാണാതെ......
ഞാനാ സ്വരം തേടുന്നു....
എന്റെ അമ്മയെ.......
കേട്ടിട്ടും കേൾക്കാതെ.....
ഞാനാ സ്വരം തേടുന്നു......
എന്തിനോ വേണ്ടി......
ഏതോ നാളിൽ നീ......
മാഞ്ഞു പോയ്....
ഒരു ചെറു സ്വപ്നമായ്.....
ഒരു ചെറു സ്വ്ന്നമോയ്....

*സുലഭ സുനിൽ കെ.എസ് 9 – D*

# SAVE THE GREEN EARTH

God created whole wonderful world. He made it beautiful,happy and green. There were large green fields with grass and colourful flowers. Then god made birds and animals to live in the meadows and the fields the woods and the forests. After that God created man to take care of his beautiful creations. He made man as the most intelligent and the best of all his creations. But then, God had some doubt in his mind. He wondered if man would really take good care of his creations. So he warned man, "you must keep earth as green and as beautiful as I have created it. Do not commit any sin when you go to earth, or as a punishment, the earth will lose its beauty and will turn into a vast desert". Very soon,man forgot Gods warning. He started stealing,lying and committing other sins. So earth turned in to a vast desert. But when man realised his  mistake God forgave him. That is why there is still some greenery left on the earth.

*Sandra. P  7:B*

# വാൽ പഠിപ്പിച്ച പാഠം



ഒരു കാട്ടിൽ കുറുമ്പനായ ചിഞ്ചു മുയൽ ജീവിച്ചിരുന്നു.ഒരു ദിവസം അവൻ നടന്നുവരുകയായിരുന്നു.അപ്പോഴാണ് അവന് നൂലുക്കൊണ്ടുണ്ടാക്കിയ വാൽ കിടക്കുന്നത് കണ്ടത്.അവന്റെ വാൽ ചെറുതായതിനാൽ അവൻ ആ വാൽ എടുത്ത് തന്റെ വാലിൽ കുട്ടിക്കെട്ടി.എന്നിട്ട് അവൻ തന്റെ കൂട്ടുകാരുടെ മുന്നിൽ ഗമയോടെ നടന്നു.അപ്പോൾ കൂട്ടുകാർ അവനോട് ചോദിച്ചു, "നിനക്ക് എങ്ങനെയാണ് ഇത്രയും വലിയ വാൽ മുളച്ചത് ?".അവൻ പറഞ്ഞു ,എനിക്ക് ഇത് ദൈവം തന്നതാണെന്ന്.അപ്പോഴ്ണ് ആ വഴി ചീരു എന്ന് പേരുള്ള ചെന്നായ നടന്നു വന്നത്.അപ്പോൾ ചീരു തന്റെ ഭക്ഷണം ഈ മുയലാണെന്ന് കരുതി ചിഞ്ചുവിന്റെ വാലിൽ പിടിച്ച് വലിച്ചു.അവന്റെ വാൽ വെപ്പുവാലായതുകൊണ്ട് ആ വാല് ഊരിപ്പോന്നു.അവൻ അങ്ങനെ ചെന്നായയിൽ നിന്നും രക്ഷപ്പെട്ടു.എന്നാൽ കൂട്ടുകാരുടെ മുന്നിൽ അവന്റെ കള്ളത്തരം വെളിച്ചത്തിലായി.അവൻ ചെന്നായയിൽ നിന്ന് രക്ഷപ്പെട്ടത് സന്തോഷമുള്ളതാണെങ്കിലും കൂട്ടുകാരുടെ പരിഹാസം അവനെ ദുഖത്തിലാഴ്ത്തി.കള്ളത്തരം എത്ര ഒളിപ്പിച്ചാലും ഒരു ദിവസം സത്യം വെളിപ്പെടുമെന്ന പാഠം അവൻ ഇതിൽ നിന്നു പഠിച്ചു.

*സാന്ദ്ര പി 7B*

# വിദ്യ

വിദ്യതൻമഹത്വമറിഞ്ഞവൻ ഞാൻ
മറ്റെന്തിനേക്കാൾ വിദ്യയാണെനിക്കിഷ്ടം.
വിദ്യഗ്രഹിച്ചവൻ, ഗ്രഹിക്കുന്നവർ
ഗ്രഹിക്കാനാഗ്രഹിക്കുന്നവർ സർവേതരപാരിൽ

സർവ്വമാം മഹിയിൽ നിറഞ്ഞുനിൽക്കും നീ
നിന്നോടടുക്കും തോറും വിസ്തൃതിയാൽ നിരാശയേകുന്നു.
ജനനത്തിൽ നിന്ന് മൃത്യുവിൽ വരെ
നിന്നോടൊപ്പം സഞ്ചരിക്കും.
എങ്കിലും നിൻ വിസ്തൃതി ലഘു-
വാകാത്തതിൻ പൊരുളെന്തെ?

പാരിൽ നിന്നെ ഗ്രഹിച്ചവർ മഹാൻ
നിന്നെ ഗ്രഹിക്കുന്നവർ മഹത്വമുള്ളവൻ
ഗ്രഹിക്കാനാഗ്രഹിക്കുന്നവർ സഫലർ
എന്നു ഞാൻ തിരിച്ചറിയുന്നു.
യഥാർത്ഥത്തിൽ ജീവിതമാം യാത്രയിൽ
നീ വേണമെന്ന് സുനിശ്ചിതം.

വിദ്യ ഗ്രഹിപ്പിക്കുന്നവൻ ഗുരു,
വിദ്യ അഭ്യസിച്ചവൻ ശിഷ്യൻ
ഈ പാരിൽ സർവരും ഗുരുശിഷ്യൻമാർ.
എങ്കിലും ഗുരുശിഷ്യബന്ധം വിദ്യാലയ-
ത്തിൽ ഒതുങ്ങിനിൽപ്പതെന്തെ?

സർവ്വതിൽ നിറഞ്ഞും നിൽക്കും നീ
വിദ്യാലയത്തിലും പ്രകൃതിയിലും
കവിഞ്ഞു നിൽക്കേ
പിന്നെ പ്രകൃതിയേ സരസ്വതീക്ഷേത്രം
എന്നു നാമീകരിക്കാൻ മടിയെന്തെ?

*ആര്യ നായർ.M. 9-D*

## വിട

തിരികെ വരാമെന്നു
വാക്കുനൽകിയല്ലോ
ഞാനീ ഭൂവിൽ

പിറന്നു വീണു...
ഭൂമിയിലേക്കു പിറന്നു
വീഴുന്നതെന്തിനും

മരണവും തീർച്ചയാണ്...

ഒന്നിനും സ്ഥിരതയി-
ല്ലാത്ത ഭൂമിയിൽ
നിന്നു ഞാൻ

പോകുന്നു ഭസിതമായി...

'വിട' യെന്നുള്ളൊരീ

രണ്ടക്ഷരമല്ലോ പ്രിയേ...

നിന്നോടെനിക്കു ചൊല്ലാൻ...

*ആദിശേഷൻ. T S 9:D*

# കൂട്ട്

കൂട്ടിന് കൂട്ടരുണ്ടെ-
ങ്കിലെന്തിനാവോ
കൂട്ടലും കുറയ്ക്കലും?
ഒപ്പം കൂട്ടുമെങ്കിലോ
ഒന്നിനും കുറവു വന്നീ-
ടുകില്ലയൊട്ടും!

*ആതിര എം 9C*

# പ്രണയവും പ്രളയവും

പ്രണയിക്കുവാനായ്
നിനക്കായ് ഞാൻ തീർത്തു
സൗന്ദര്യമോലിന്ന കാഴ്ചയേറെ
കിളികൾ തൻ നാദമായ്
നിൻ കാതിലിണ്ട് ഞാൻ.......
ചോലതൻ കിളിരായി
നിന്നെത്തഴികി ഞാൻ

പച്ചയും ശാന്തവുമായ കാഴ്ച -
കൾ കൊണ്ട് നിന്റെ കണ്ണിന്നു -
തളിരായി ഞാൻ..
പ്രണയിക്കാതെയെന്നെ
പ്രഹരിച്ചു നീ നിത്യം,
കിളികൾതൻനാദം നിലച്ചുപോയീ...

പ്രണയിച്ചില്ല നീ ചോലകളെ ഒട്ടും
കുളിരേകാതേയവ മാഞ്ഞുപോയി...
പച്ചയും ശാന്തവുമായതെല്ലാം നീ...
പച്ചയ്ക്ക് തീയിട്ട് ചമ്പലാക്കീ...
മാറ്,തുരന്നു നീ വലിച്ചു കുടിച്ചു -
വെൻ ജീവജലമായ രുധിരത്തെയും..
പ്രണയിക്കാതെയെന്നെ
പ്രഹരിച്ചു നീ നിത്യം,
പ്രളയമായ് ഞാനും പ്രതികരിച്ചു......

അഭിനയ.വി
9D





## ശതാബ്ദി ആഘോഷങ്ങൾ






# ശതാബ്ദി ആഘോഷങ്ങൾ






# ശതാബ്ദി ആഘോഷങ്ങൾ



## മായും നേരം

മാഞ്ഞുപോകയായ് മാരിവില്ലുപോൽ
മായ കാട്ടിടും കാർമുകിൽ വർണൻ...
മിന്നിമായുന്നതെന്തിനെ, ത്തേടി ഞാൻ?
മിന്നുവതെല്ലാം പൊന്നാകുകില്ലല്ലോ!
മിന്നിയിരുന്നു ഞാ, നേതൊരു കാലത്ത്
മങ്ങിടുന്നിതാ, യീ നേരമോർക്കണം...

*ജിഷ 9B*

## കൂട്ടുകാർ വരച്ച ചിത്രങ്ങൾ









# ശാസ്ത്രപ്രദർശനവും, കലോൽസവും





## കൂട്ടുകാർ വരച്ച ചിത്രങ്ങൾ



# സ്വാർത്ഥൻ പഠിച്ച പാഠം

ഒരു നാട്ടിൽ ഒരു കച്ചവടക്കാൻ ഉണ്ടായിരുന്നു. ആ കച്ചവടക്കാരന് ഒരു കുതിരയും ഒരു കഴുതയും ഉണ്ടായിരുന്നു.കച്ചവടക്കാരൻ കുറെ നാടുകളിൽ പോയി കച്ചവടം ചെയുന്ന ആളായിരുന്നു.അയാളുടെ കഴുത വളരെ പാവമായിരരുന്നു കുറെ ജോലി ചെയ്യും.പക്ഷെ കുതിര അങ്ങനെ ഒന്നും അല്ലായിരുന്നു,കഴുതയേ ഇഷ്ടമല്ലായിരുന്നു കുതിരയെക്ക്. എപ്പോഴും കഴുതയെ കഷ്ടപ്പെടുത്തും .കച്ചവടക്കാരന് ഇതൊന്നും അറിയില്ല.എപ്പോഴും കച്ചവട സാധനങ്ങൾ മുഴുവനും കഴുതയായിരുന്നു തോളിൽ വയ്ക്കുക.ഒരു ദിവസം കച്ചവടം കഴിഞ്ഞ് പോവുമ്പോൾ, അന്ന് കഴുതയേക്ക് കൊണ്ടുത്ത ആഹാരം കഴുത അറിയാതെ കുതിര കുടിച്ചു.പാവം കഴുത ഇതൊന്നും അറിഞ്ഞില്ല.കച്ചവടക്കാരൻ പറഞ്ഞു സന്ധ്യയായി നമ്മൾക്ക് പോവാം എന്ന് പറഞ്ഞ് കഴുതയുടെ കഴുത്തിൽ കച്ചവട സാധനങ്ങൾ വച്ചു കൊണ്ടുതു.പാവം കഴുത ഭക്ഷണപോലും കഴിക്കാതെ അതും ഇുക്കി നടന്നു. കുറച്ചു കഴിഞ്ഞപ്പോൾ കച്ചവടക്കാരൻ കുറച്ചു സാധനങ്ങൾ വാങ്ങാൻ ഒരു കടയിൽ കയറി.അപ്പോൾ കഴുത കുതിരയോട് ചോദിച്ചു,എനിക്ക് ഇത്രയും കനം താങ്ങാൻ വയ്യ എന്നെ ഒന്ന് സഹായിക്കുമ്മോ കുറച്ച് സാധനം നിന്റെ തോളിൽ വയ്ക്കുമ്മോ?.കുതിര പറഞ്ഞു പറ്റില്ല, നീ തന്നെ തോളിൽ വെച്ചൊ .പാവം കഴുത തളരാൻ തുടങ്ങി.വയ്യാതായ കഴുത പെട്ടന്ന് വീണു.അത് കണ്ടു വന്ന കച്ചവടക്കാരൻ കഴുതയക്ക് വയ്യാതായി എന്നു മനസ്സിലാക്കി.കഴുതയെ കുതിരയുടെ തോളിൽ വച്ചു കുതിയക്ക് ഒന്നും പറയ്യാൻ പറ്റിയില്ല. കഴുതയക്ക് വന്ന വേദനയെല്ലാം കുതിര അനുഭവിച്ചു. അങ്ങനെ കച്ചവടക്കാന്റെ വീടെത്തി.കച്ചവടക്കാരൻ കഴുതയ്ക്ക് ഭക്ഷണവും വെള്ളവും കോണ്ടുത്തു.കുതിരയ്ക്ക് അന്നം കൊണ്ടുത്തില്ല.അങ്ങനെ കുതിര നല്ല പാഠം പഠിച്ചു.

വിനോജ്.എം.വി
9A